സ.ഉ.(സാധാ) നം.2306/2023/GEDN

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസം - വെളിച്ചിക്കാല ബദരിയ യു.പി. സ്കൂളിലെ ഉറുദു അദ്ധ്യാപികയായ ശ്രീമതി. റീന ബീഗം. കെ ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത റിട്ട് ഹർജി നമ്പർ 33415/2022 നേമുള്ള 13/01/2023 തീയതിയിലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്

സ.ഉ.(സാധാ) നം.2306/2023/GEDN തീയതി,തിരുവനന്തപുരം, 03-04-2023

പരാമർശം:-

1. വെളിച്ചിക്കാല ബദരിയ യു.പി. സ്കൂളിലെ ഉറുദു അദ്ധ്യാപികയായ ശ്രീമതി. റീന ബീഗം. കെ ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത റിട്ട് ഹർജി നമ്പർ 33415/2022 നേമുള്ള 13/01/2023 തീയതിയിലെ വിധിന്യായം
2. കണ്ണറ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 23/02/2023 തീയതിയിലെ സി/2759/2022 നമ്പർ കത്ത് പ്രകാരമുള്ള റിപ്പോർട്ട്
3. കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 01/03/2023 തീയതിയിലെ ഡിഇഒ/124/2023-B1 നമ്പർ കത്ത് പ്രകാരമുള്ള റിപ്പോർട്ട്
4. കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 02/03/2023 തീയതിയിലെ DDEKLM/4876/2022-B2 നമ്പർ കത്ത് പ്രകാരമുള്ള റിപ്പോർട്ട്

ഉത്തരവ്

വെളിച്ചിക്കാല ബദരിയ യു.പി. സ്കൂളിലെ ഉറുദു അദ്ധ്യാപികയായ ശ്രീമതി റീന ബീഗം. കെ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No.33415/2022 നമ്പർ റിട്ട് ഹർജിയിലെ 13.1.2023 ലെ വിധിന്യായത്തിൽ ഹർജിക്കാരി സർക്കാരിന് മുമ്പാകെ സമർപ്പിച്ച

Ext.P7 റിവിഷൻ ഹർജിയിന്മേൽ Ext.P4, P5 വിധിന്യായങ്ങളുടെ വെളിച്ചത്തിൽ ഹർ ജിക്കാരിക്കും 6- ാം എതിർകക്ഷിക്കും കേൾക്കാൻ അവസരം നൽകി നാല് മാസത്തിനുള്ളിൽ അനുയോജ്യമായ ഉത്തരവിടണമെന്ന് കോടതി സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി. 01.08.2007 മുതൽ വെളിച്ചിക്കാല ബദരിയ യു.പി. സ്കൂളിൽ ഉറുദു ടീച്ചറായി നിയമനം ലഭിച്ചുവെങ്കിലും നിയമനാംഗീകാരം 01.06.2021 മുതലാണ് ലഭിച്ചതെന്നും ആയത് ഒഴിവാക്കി 02.06.2008 (ഹയർ ലെവൽ വെരിഫിക്കേഷൻ തീയതി മുതൽ) അംഗീകാരം നൽകണമെന്നാണ് Ext.P7 ലെ ആവശ്യം. ബഹു. കോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഗവ. ജോയിന്റ് സെക്രട്ടറി ബന്ധപ്പെട്ടവരെ 6.3.2023-ന് നേരിൽ കേൾക്കുകയുണ്ടായി. 6- ാം എതിർകക്ഷിയായ സ്കൂൾ മാനേജർ ഹിയറിംഗിൽ പങ്കെടുക്കുകയുണ്ടായില്ല .

2 . ഹിയറിംഗ് വേളയിൽ റിവിഷൻ ഹർജിക്കാരിയുടെ വാദഗതികൾ ചുവടെ ചേർക്കും പ്രകാരമായിരുന്നു.

ഹർജിക്കാരിയെ 01.08.2007 മുതൽ പാർട്ട് ടൈം ഉറുദു ടീച്ചർ ആയി 2006-2007 ലെ ഒരു പ്രതീക്ഷിത അധിക ഡിവിഷൻ ഒഴിവിൽ നിയമിച്ചു. എന്നാൽ, ടിയാരിയെ നിയമിക്കുമ്പോൾ നിലനിന്നിരുന്ന അധിക ഡിവിഷൻ ഒഴിവിലെ നിയമനത്തിനുള്ള G.O(P)317/05/G.Edn ബാൻ ഉത്തരവ് കാരണമുള്ള തടസ്സവും ടീച്ചർ പാക്കേജ് നടപ്പിലാക്കിയതിന്റെ ഭാഗമായും ടിയാളുടെ നിയമനം 01.06.2011 മുതൽ മാത്രമേ അംഗീകരിച്ചുള്ളൂ. ടിയാളുടെ നിയമനം 01.06.2011 മുതൽ മാത്രം അംഗീകരിച്ചതിനാൽ അഞ്ചു വർഷം കഴിയുന്ന തീയതിയായ 01.06.2016 മുതൽ മാത്രം ഹർ ജിക്കാരിക്ക് G.O(MS)62/73/05/G.Edn dated, 2.05.1973 ന്റെ അടിസ്ഥാനത്തിൽ ഫുൾടൈം സംരക്ഷണം നൽകി ഉത്തരവാകുകയുണ്ടായി. G.O(P)10/2010/G.Edn dated, 12.01.2010 പ്രകാരമുള്ള ബോണ്ട് മാനേജർ സമർപ്പിക്കാതിരുന്നതിനാലാണ് 2.06.2008 മുതലുള്ള നിയമനം അംഗീകരിക്കാതിരുന്നത്. ബഹു. കേരള ഹൈക്കോടതി 25.07.2017 ലെ WA No. 2290/2015 ന് ഉണ്ടായ വിധിന്യായത്തിലും 28.06.2019 ലെ WA No. 2091/2018 ലുണ്ടായ വിധിന്യായത്തിലും മാനേജർ ബോണ്ട് വച്ചതായി കണക്കാക്കാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 06.02.2021 ലെ G.O.(P).4/2021/G.Edn ഉത്തരവ് തത്തുല്യ എണ്ണം സംരക്ഷിതാദ്ധ്യാപകരെ നിയമിക്കാതെ തന്നെ നിയമനങ്ങൾ അംഗീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

2008-09 ലെ കുണ്ടറ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ തസ്തിക നിർണ്ണയത്തിൽ ടി

സ്കൂളിന് ഒരു പാർട്ട് ടൈം ഉറുദു തസ്തികയ്ക്ക് അർഹതയുണ്ടെങ്കിലും പുതിയ തസ്തിക അനുവദിക്കുന്നതിന് ബാൻ ഉള്ളതിനാൽ അനുവദിക്കുന്നില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2008-2009 ലെ കണ്ണറ ഉപജില്ലാ വിദ്യാഭ്യാസ ഓഫസറുടെ ഉത്തരവിൽ ഒരു പാർട്ട് ടൈം ഉറുദു തസ്തിക 12.01.2010 ലെ G.O(P)10/10/G.Edn ഉത്തരവ് പ്രകാരം 2008-09 ലേയ്ക്ക് അനുവദിച്ചിട്ടുണ്ട്. 2008-09 മുതൽ 2010-11 വരെയുള്ള തസ്തിക നിർണ്ണയ ഉത്തരവുകൾ പ്രകാരം പാർട്ട് ടൈം ഉറുദു തസ്തിക അനുവദിച്ചിട്ടുള്ളതിനാൽ 2.6.2008 മുതൽ ടിയാളെ ഉൾക്കൊള്ളുന്നതിന് ഒരു പാർട്ട് ടൈം ഉറുദു തസ്തിക വ്യവസ്ഥാപിതമായി നിലനിൽക്കുന്നു. എന്നാൽ 01.08.2007 മുതലുള്ള ടിയാരിയുടെ നിയമനത്തിന് 2007-08 ൽ ഹയർ ലവൽ വെരിഫിക്കേഷൻ നടക്കാഞ്ഞതിനാൽ 2007-08 ൽ തസ്തിക ലഭ്യമല്ലായിരുന്നു. പക്ഷെ 2008-09 ൽ ഹയർ ലെവൽ വെരിഫിക്കേഷൻ നടന്നതിനാൽ 2008-09 ൽ ഒരു പാർട്ട് ടൈം ഉറുദു തസ്തിക അനുവദിക്കുകയുണ്ടായി. അങ്ങനെ 2008-09 മുതൽ സ്കൂളിൽ ഒരു വ്യവസ്ഥാപിത ഒഴിവ് പാർട്ട് ടൈം ഉറുദു ടീച്ചർ തസ്തികയിൽ ഉണ്ടാകുകയും ഹർജിക്കാരിയുടെ നിയമനം 02.06.2008 മുതൽ അംഗീകരിക്കാൻ കഴിയുന്നതുമാണ്. ഈ സാഹചര്യത്തിൽ പാർട്ട് ടൈം ഉറുദു ടീച്ചറായുള്ള നിയമനം 2.06.2008 മുതൽ അംഗീകരിച്ച് 2.06.2013 മുതൽ ഫുൾ ടൈം ഉറുദു ടീച്ചറായി ഫുൾ ടൈം പ്രൊട്ടക്ഷൻ അനുവദിച്ച് ഉത്തരവാകണം.

3. വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട് ഇപ്രകാരമാണ്:

കണ്ണറ വിദ്യാഭ്യാസ ഉപജില്ലയിൽപ്പെട്ട വെളിച്ചിക്കാല ബദരിയ യു.പി. സ്കൂളിലെ ജൂനിയർ ഉറുദു പാർട്ട് ടൈം അധിക തസ്തികയിൽ 01.08.2007 മുതൽ ശ്രീമതി. റീനാ ബീഗം കെ.എ. യെ മാനേജർ നിയമിച്ചു. 17.08.2005 ലെ G.O.(P).317/05/G.Edn സർക്കാർ ഉത്തരവ് പ്രകാരം നിയമന നിരോധനമുള്ളതിനാലും അധിക തസ്തിക അനുവദിക്കാതിരുന്നതിനാലും 01.02.2006 ലെ സ.ഉ.(പി) നമ്പർ 46/2006/പൊ.വി. സർക്കാർ ഉത്തരവ് പ്രകാരം സംരക്ഷിതാദ്ധ്യാപകരെ നിയമിക്കാത്തതിനാലും ശ്രീമതി. റീനാ ബീഗം കെ. യുടെ നിയമനം അംഗീകരിച്ചില്ല.. 12.01.2010 ലെ G.O.(P).10/10/G.Edn സർക്കാർ ഉത്തരവ് പ്രകാരം ഉണ്ടായിരുന്ന നിയന്ത്രണങ്ങൾ പിൻവലിച്ചതിനാൽ 2008-09 അധ്യായന വർഷം ഒരു ജൂനിർ ഉറുദു പാർട്ട് ടൈം തസ്തിക ഈ സ്കൂളിൽ തുടർന്നുവരുകയും ചെയ്യുന്നു. 12.01.2010 ലെ G.O(P).10/10/ G.Edn സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ ബോണ്ട് മാനേജർ സമർപ്പിച്ചിരുന്നില്ല. തുടർ ന്ന് 01.10.2011 ലെ G.O.(P).199/2011/G.Edn സർക്കാർ ഉത്തരവ് പ്രകാരം ടീച്ചേഴ്സ് പാക്കേജിൽ ഉൾപ്പെടുത്തി ശ്രീമതി. റീനാ ബീഗം.കെ യുടെ നിയമനം ജൂനിയർ ഉറുദു പാർട്ട് ടൈം തസ്തികയിൽ 01.06.2011 തീയതി പ്രാബല്യത്തിൽ അംഗീകരിച്ച് നൽകി

01.06.2011 മുതൽ തുടർച്ചയായ 5 വർഷം പൂർത്തിയായ മുറയ്ക്ക് ടിയാരിയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ 2.05.1973 ലെ G.O(MS)No. 62/73/S.Edn സർക്കാർ ഉത്തരവ് പ്രകാരം 01.06.2016 തീയതി പ്രാബല്യത്തിൽ ഫുൾ ടൈം ബെനിഫിറ്റ് അനുവദിച്ച് നൽകിയിട്ടുണ്ട്.

അദ്ധ്യാപക പാക്കേജിൽ ഉൾപ്പെട്ട് 01.06.2011 മുതൽ നിയമനാംഗീകാരം നൽകിയ അദ്ധ്യാപകരുടെ നിയമന തീയതി മുതൽ 31.05.2011 വരെയുള്ള മുൻകാല സർവ്വീസ്, അതുമായി ബന്ധപ്പെട്ട് കെ.ഇ.ആർ. ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്ന മുറയ്ക്ക് പ്രത്യേകം പ്രത്യേകം കേസുകളായി പരിഗണിച്ച് അംഗീകാരം നൽ കണമെന്ന് 25.10.2011 ലെ 60930/ജെ2/2011/പൊ.വി.വ ലെ സർക്കാർ കത്തിൽ വ്യക്തമാക്കിയിരുന്നു. എന്നാൽ ടി വിഷയവുമായി ബന്ധപ്പെട്ട പിന്നീട് പൊതുവായ സർക്കാർ ഉത്തരവുകളൊന്നും നാളിതുവരെ പുറപ്പെടുവിച്ചിട്ടില്ല. 12.01.2010 ലെ G.O(P)10/10/G.Edn സർക്കാർ ഉത്തരവ് പ്രകാരമുള്ള നിർദ്ദിഷ്ട ബോണ്ട് സ്കൂൾ മാനേജർ സമർപ്പിച്ചതായി കരുതിക്കൊണ്ടും ബഹു. കോടതി വിധികൾക്ക് വിധേയമായി നിരോധന കാലയളവിൽ നടത്തിയ നിയമനങ്ങൾക്ക് തത്തുല്യ എണ്ണം സംരക്ഷിത അധ്യാപകരെ നിയമിക്കാൻ സ്കൂൾ മാനേജർ ബാധ്യസ്ഥനാണ് എന്ന ബഹു ഹൈക്കോടതി നിരീക്ഷണങ്ങൾ പരിഗണിച്ച് കൊണ്ട് പരാതിക്കാരന്റെ Ext.P7 ഹർജിയിന്മേൽ ഉചിതമായ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

4. Ext.P7 റിവിഷൻ ഹർജി മേൽ വാദഗതികൾ വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകൾ പിന്നെ Ext.P4, Ext.P5 , കോടതി വിധികൾ ബന്ധപ്പെട്ട ചട്ടങ്ങൾ ഉത്തരവുകൾ സർക്കുലറുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു. G.O(P)10/2010/G.Edn dated, 12.01.2010 പ്രകാരമുള്ള ബോണ്ട് മാനേജർ സമർപ്പിക്കാതിരുന്നതിനാലാണ് 2.06.2008 മുതലുള്ള നിയമനം അംഗീകരിക്കാതിരുന്നത്. ബഹു. കേരള ഹൈക്കോടതി 25.07.2017 ലെ WA No. 2290/2015 ന് ഉണ്ടായ വിധിന്യായത്തിലും 28.06.2019 ലെ WA No. 2091/2018 ലുണ്ടായ വിധിന്യായത്തിൽ മാനേജർ ബോണ്ട് വച്ചതായി കണക്കാക്കാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2008-09 മുതൽ 2010-11 വരെയുള്ള തസ്തിക നിർണ്ണയ ഉത്തരവുകൾ പ്രകാരം പാർട്ട് ടൈം ഉറുദു തസ്തിക അനുവദിച്ചിട്ടുള്ളതിനാൽ 2.6.2008 മുതൽ ടിയാളെ ഉൾക്കൊള്ളുന്നതിന് ഒരു പാർട്ട് ടൈം ഉറുദു തസ്തിക വ്യവസ്ഥാപിതമായി നിലനിൽക്കുന്നുണ്ട്. 2008-09 ൽ ഹയർ ലെവൽ വെരിഫിക്കേഷൻ നടന്നതിനാൽ 2008-09 ൽ

ഒരു പാർട്ട് ടൈം ഉറുദു തസ്തിക അനുവദിക്കുകയുണ്ടായി. അങ്ങനെ 2008-09 മുതൽ സ്കൂളിൽ ഒരു വ്യവസ്ഥാപിത ഒഴിവ് പാർട്ട് ടൈം ഉറുദു ടീച്ചർ തസ്തികയിൽ ഉണ്ടാകുകയും ഹർജിക്കാരിയുടെ നിയമനം 02.06.2008 മുതൽ അംഗീകരിക്കാൻ കഴിയുന്നതുമാണ്.

5. മേൽ സാഹചര്യത്തിൽ 12.01.2010 ലെ G.O(P)10/10/G.Edn സർക്കാർ ഉത്തരവ് പ്രകാരമുള്ള നിർദ്ദിഷ്ട ബോണ്ട് സ്കൂൾ മാനേജർ സമർപ്പിച്ചതായി കരുതിക്കൊണ്ടും ബഹു. കോടതി വിധികൾക്ക് വിധേയമായി നിരോധന കാലയളവിൽ നടത്തിയ നിയമനങ്ങൾക്ക് തത്തുല്യ എണ്ണം സംരക്ഷിത അധ്യാപകരെ നിയമിക്കാൻ സ്കൂൾ മാനേജർ ബാധ്യസ്ഥനാണ് എന്ന ബഹു ഹൈക്കോടതി നിരീക്ഷണങ്ങൾ പരിഗണിച്ച് കൊണ്ടു ഇതു സംബന്ധമായി നിലനിൽക്കുന്ന കേസുകളിൽ ഉണ്ടാകുന്ന അന്തിമ വിധിക്ക് വിധേയമായി മാനേജർ ബോണ്ട് സമർപ്പിച്ചതായി കണക്കാക്കി ശ്രീമതി. റീനാ ബീഗം കെ. യുടെ പാർട്ട് ടൈം ഉറുദു ടീച്ചർ തസ്തികയിലെ നിയമനം ഹയർ ലെവൽ വെരിഫിക്കേഷന്റെ അടിസ്ഥാനത്തിൽ നടത്തിയ തസ്തിക നിർണ്ണയ ഉത്തരവിന്റെ പ്രാബല്യ തീയതി മുതൽ ആയത് മറ്റ് വിധത്തിൽ ക്രമപരമെങ്കിൽ അംഗീകരിച്ച് സർവീസ് ആനുകൂല്യങ്ങൾ നൽകുന്നതിന് കുണ്ടറ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകികൊണ്ട് ഉത്തരവാകുന്നു

6. മേൽ പ്രകാരം ബഹു. ഹൈക്കോടതിയുടെ പരാമർശം 1 വിധിന്യായം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മുഹമ്മദ് ഹനീഫ.എം.എം.

ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊല്ലം

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കുണ്ടറ, കൊല്ലം

ശ്രീമതി. റീന ബീഗം.കെ, ഫുൾ ടൈം ഉറുദു ടീച്ചർ, ബദരിയ യു.പി സ്കൂൾ, വെളിച്ചിക്കാല.പി.ഒ, കൊല്ലം - 691573.

സ.ഉ.(സാധാ) നം.2306/2023/GEDN

മാനേജർ, ബദരിയ യു.പി സ്കൂൾ, വെളിച്ചിക്കാല.പി.ഒ, കൊല്ലം - 691573.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Mini.t.r.
Date: 03.04.2023 11:55:17

സെക്ഷൻ ഓഫീസർ

Copy to:

PA to Joint Secretary